## മുഖ്യ നഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം : നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം- സാങ്കേതിക വിഭാഗം - കൊല്ലം ജില്ല - കരുനാഗപ്പള്ളി നഗരസഭ- കരുനാഗപ്പള്ളി വില്ലേജ് - ബാങ്ക് കെട്ടിട നിർമ്മാണം കൺകറസ് നൽകി ഉത്തരവാകുന്നു.

പരാമർശം : 1) കരുനാഗപ്പള്ളി നഗരസഭ സെക്രട്ടറിയുടെ 29/08/19-ലെ TP/18540/18 നമ്പർ കത്ത്.

2) കൊല്ലം ടൗൺ പ്ലാനറുടെ 01/10/19-ലെ TCPKLM/762/2019-C നമ്പർ കത്ത്.

---

കെട്ടിട നിമ്മാണ അപേക്ഷ വിഭാഗം.

ഉത്തരവ് നം : **TCPCTP/2332/2019-C3** തീയതി : **04/11/2019**

---

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി നഗരസഭ പരിധിയിലുള്ള കരുനാഗപ്പള്ളി വില്ലേജിൽ സർവ്വേ നമ്പർ 708/5 ൽ ഉൾപ്പെട്ട 908 $M^2$ സ്ഥലത്ത് പ്ലിന്ത് ഏരിയ 1623.26 ച.മീ (Floor area 1065.89 ച.മീ) വിസ്തൃതിയിലുള്ള Cellar+G+2+Terrace നിലകളുള്ള കൊമേഴ്ഷ്യൽ (ബാങ്ക്) കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ പ്രസിഡന്റ്, കരുനാഗപ്പള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ. 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി അംഗീകൃത കരുനാഗപ്പള്ളി മാസ്റ്റർ പ്ലാനിലെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ പ്രകാരമുള്ള കൺകറൻസ് നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. താഴെപ്പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിയ നിർമ്മാണാനുമതി/ഒക്കുപ്പൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ. 1999 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വേ നമ്പർ വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ..ബി.ആർ 1999 -നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി. വാങ്ങിയിരിക്കണം.

6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണപ്രവർത്തനങ്ങൾ 2008 -ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് അനുസൃതമായിരിക്കണം.
7. കെ.എം.ബി.ആർ. പ്രകാരം ഉയരത്തിനനുസരിച്ച് ആവശ്യമായ തുറസ്സായ സ്ഥലം കെട്ടിടത്തിന് ചുറ്റും നൽകണം.
8. ചട്ടം 40 A പ്രകാരം Main entrance -ലേക്ക് പ്രവേശിക്കാൻ റാമ്പ് നൽകേണ്ടതാണ്.
9. കെ.എം.ബി.ആർ ചട്ടം പ്രകാരം ആവശ്യമായ ഉയരം മുറികൾക്ക് നൽകണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരുസെറ്റ് പ്ലാൻ

**ജയശ്രീ. പി.ആർ,**
ടൗൺ പ്ലാനർ

**ജില്ലാടൗൺ പ്ലാനർ,**
കൊല്ലം

പകർപ്പ്-1. പ്രസിഡന്റ്, സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 1343826
കരുനാഗപ്പള്ളി, കൊല്ലം.
2. സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ
3. വെബ് സൈറ്റ്.
4. കരുതൽ ഫയൽ. 5. അധികം.